ധനസഹായം നൽകിയ കേന്ദ്ര ഏജൻസികൾ

112 (264) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ മേഖലയുടെ വിവിധ പദ്ധതികൾക്കായി ഏതെല്ലാം കേന്ദ്ര ഏജൻസികൾ 1999-2000 വർഷത്തിൽ ധന സഹായം നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത തുക ഏതെല്ലാം പദ്ധതികൾക്കായി വിനിയോഗിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) ലഭിച്ച തുക മുഴുവനും 1999-2000 ൽ ലക്ഷ്യമിട്ട പദ്ധതികൾക്കായി വിനിയോഗിച്ചോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) നബാർഡ്, ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ. സി.ഡി.സി.) കേന്ദ്ര സർക്കാർ എന്നീ ഏജൻസികളാണ് 1999-2000 സാമ്പത്തിക വർഷത്തിൽ ധനസഹായം നൽകിയിട്ടുള്ളത്.

(ബി) കാർഷിക മേഖല, സംഭരണ വിപണന പ്രവർത്തനങ്ങൾ എന്നിവ ശക്തിപ്പെടുത്തുക സഹകരണമേഖലയിൽ സംസ്ക്കരണ യൂണിറ്റുകൾ തുടങ്ങുക, നിത്യോപയോഗ സാധനങ്ങളുടെ ന്യായമായ വിതരണത്തിന് നീതി സ്റ്റോറുകളുടെ സുഗമമായ പ്രവർത്തനത്തിനും ദുർബലവിഭാഗങ്ങളുടെയും പിന്നോക്ക വിഭാഗങ്ങളുടെയും ഉന്നമനത്തിനും, കൂടാതെ സംയോജിത സഹകരണ വികസന പദ്ധതികൾ എന്നിവയ്ക്കുമാണ് ഈ തുക ഉപയോഗപ്പെടുത്തുന്നത്.

(സി) ലഭിച്ച തുക ലക്ഷ്യമിട്ട പദ്ധതികൾക്കായി വിനിയോഗിച്ചു കൊണ്ടിരിക്കുകയാണ്.

ഇളങ്കുളം ബാങ്കിലെ സാമ്പത്തിക ക്രമക്കേടുകൾ

113 (265) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ ഇളങ്കുളം ബാങ്കിൽ നടന്ന സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് വകുപ്പും സഹകരണ വകുപ്പും നടത്തിയ അന്വേഷണങ്ങളുടെ വിശദാംശങ്ങളും നിഗമനങ്ങളും വെളിപ്പെടുത്തുമോ ;

(ബി) ഇളങ്കുളം ബാങ്ക് കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ കുടിശ്ശികയായി എത്ര രൂപ അടയ്ക്കാനുണ്ട് ;

(സി) എത്രകാലമായി ഉള്ള കുടിശ്ശികയാണിതെന്നും ഈ തുക തിരിച്ചു പിടിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly